# പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4037 — 12.12.2018-ൽ മറുപടിയ്ക്ക്

**ഹെമറ്റോളജി അനലൈസർ - ടെൻഡർ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.പി.അനിൽ കുമാർ** | **കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പുമന്ത്രി)** |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പ് മന്ത്രി വിളിച്ചു കൂട്ടിയ സൂപ്രണ്ടുമാരുടെ യോഗത്തിൽ ഹെമറ്റോളജി അനലൈസർ എന്ന രക്ത പരിശോധന ഉപകരണം വാങ്ങുന്ന കാര്യം ചർച്ച ചെയ്തിരുന്നോ; | (എ) | ഔദ്യോഗികമായി ചർച്ച ചെയ്തിട്ടില്ല. |
| (ബി) | ഹെമറ്റോളജി അനലൈസർ എന്ന ഉപകരണത്തിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രേഖപ്പെടുത്തിയിട്ടുള്ള കുറഞ്ഞ തുക എത്രയാണ്; | (ബി) | 16.01.2018 വരെ നിലവിലുണ്ടായിരുന്ന റണ്ണിംഗ് കോൺട്രാക്ട് പ്രകാരം 2,34,918/- രൂപയായിരുന്നു ഉപകരണത്തിന്റെ വില. |
| (സി) | ഈ ഉപകരണം വഴി രക്തപരിശോധനയ്ക്ക് ഒരു രോഗി എത്ര രൂപ നൽകേണ്ടിവരും; | (സി) | 3 പാർട്ട് ഹെമറ്റോളജി അനലൈസർ ആണെങ്കിൽ 25-35 രൂപയും 5 പാർട്ട് അനലൈസർ ആണെങ്കിൽ 35-50 രൂപയും ചിലവ് വരും. |
| (ഡി) | ഉപകരണം വാങ്ങുന്നതിന് ടെൻഡർ വിളിച്ചോ; വിളിച്ചെങ്കിൽ പങ്കെടുത്ത കമ്പനികളും സ്ഥാപനങ്ങളും അവ രേഖപ്പെടുത്തിയ തുകയും എത്രയാണെന്ന് വിശദമാക്കാമോ; | (ഡി) & (ഇ) | ഹെമറ്റോളജി അനലൈസർ ഉപകരണം വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷനിൽ പുരോഗമിക്കുകയാണ്. |
| (ഇ) | ഈ ടെൻഡർ ആർക്കാണ് സ്ഥിരപ്പെടുത്തിയത് ; കോർപ്പറേഷൻ രേഖപ്പെടുത്തിയ കുറഞ്ഞ തുകയിൽ നിന്ന് എത്ര രൂപ കൂടുതൽ നൽകിയാണ് സ്ഥിരപ്പെടുത്തിയത്? | | |

സെക്ഷൻ ഓഫീസർ